# ജനാഭിപ്രായം പ്രകടിതമാക്കാൻ സമരത്തിന് ഇനിയും കഴിയണം

**സണ്ണി പൈകട**

(കൺവീനർ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** കൊക്കക്കോളയ്ക്ക് സ്വാധീനശേഷിയുണ്ടായി എന്നത് താത്കാലികമായുണ്ടായ കാര്യമാണ്. എല്ലാക്കാലത്തും അവർക്കതിന് കഴിയില്ല. കേരള ജനതയുടെ രാഷ്ട്രീയമായ ആത്മാഭിമാനത്തെ ഉണർത്തുന്ന തരത്തിലുള്ള സമരം ഉയർന്നുവന്നെങ്കിൽ മാത്രമെ കോളയുടെ സ്വാധീനശേഷിയെ തടയാൻ കഴിയൂ.

**2.** പ്ലാച്ചിമടയുടെ നീതിക്ക് വേണ്ടി കേരളീയ സമൂഹത്തിലുണ്ടായ ജനാഭിപ്രായ രൂപീകരണത്തെ തുടർന്നാണ് കൊക്കക്കോള പരാജയപ്പെട്ടത്. ആ ജനാഭിപ്രായത്തെ തുടർന്നും ഉണർത്തി നിർത്തുന്നതിൽ സമരത്തെ പിന്തുണച്ചവർക്ക് കഴിയാതെ പോയി എന്നതാണ് സമരം ഇപ്പോൾ ക്ഷീണിതമായി തോന്നാനുള്ള കാരണം. സമരസമിതിയേയോ സമരം ചെയ്ത തദ്ദേശീയരേയോ അക്കാര്യത്തിൽ കുറ്റം പറയാൻ കഴിയില്ല. സമരം ഉന്നയിക്കുന്ന വിഷയത്തിന് അനുകൂലമായ ജനാഭിപ്രായം രൂപപ്പെടുക എന്നതാണ് ഏതൊരു സമരത്തിന്റെയും കരുത്ത്. ജനാധിപത്യ സംവിധാനത്തിനുള്ളിൽ ജനകീയ സമരങ്ങൾ ചെയ്യേണ്ടതും അതാണ്. സമരരൂപത്തിന്റെ ശക്തിയോ ശേഷിയോ അല്ല കാര്യങ്ങൾ നിശ്ചയിക്കുന്നത്. അതിന് ജനാഭിപ്രായം രൂപീകരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് കാര്യം. ഭരണതലത്തിൽ ടി. ബാലകൃഷ്ണനെപ്പോലെ കോളയെ പരസ്യമായി പിന്തുണയ്ക്കുന്ന ഉദ്യോഗസ്ഥരുണ്ടായേക്കാം. എന്നാൽ ജനാഭിപ്രായം പ്രകടിതമല്ലാതിരിക്കുമ്പോഴാണ് അവർ ശക്തരാകുന്നത്.

**3.** പ്ലാച്ചിമട ജനതയുടെ കരുത്തുകൊണ്ട് മാത്രമാണ് സമരം വിജയിച്ചതെന്ന് പറയാൻ കഴിയില്ല. സമരത്തെ പിന്തുണച്ചവരുടെ പങ്കും നിർണ്ണായകമാണ്. ഉണർന്നുനിൽക്കുന്ന ജനാഭിപ്രായത്തെ വിലയ്ക്കെടുക്കുന്ന കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ ജനാധിപത്യ സംസ്കാരവും സമരത്തിന് ഗുണം ചെയ്തിട്ടുണ്ട്. മറ്റ് പല സംസ്ഥാനങ്ങളിലും അത്തരമൊരു ജനാധിപത്യ സംസ്കാരം നിലനിൽക്കുന്നില്ല. സമരങ്ങളെ പൂർണ്ണമായും അവഗണിച്ചാലും രാഷ്ട്രീയ പാർട്ടികൾക്ക് ക്ഷീണമുണ്ടാകാത്ത സ്ഥിതിയുണ്ട്. പ്ലാച്ചിമട ജനതയുടെ മുൻഗണനകൾ മാത്രമല്ല മാറിയത്. സമരത്തെ പിന്തുണച്ചവരുടെ മുൻഗണനകളും മാറി. സജീവമായ സമരം നടന്നാൽ ഇന്നും പ്ലാച്ചിമടയിലേക്ക് ആളുകൾ ഒഴുകിയെത്തും എന്നത് വലിയ കാര്യമാണ്. എന്നാൽ പ്ലാച്ചിമട ജനതയുടെ ആ സമരശക്തിയെ വേണ്ടത്ര മുന്നോട്ട് കൊണ്ടുപോകാൻ ഞാൻ ഉൾപ്പെടെയുള്ള ഐക്യദാർഢ്യ പ്രവർത്തകർക്ക് കഴിയാതെ പോയിട്ടുണ്ട്.

**4.** നീണ്ടുനിൽക്കുന്ന അഹിംസാത്മക സമരങ്ങൾ നടന്നിട്ടുള്ള സ്ഥലങ്ങളിലെല്ലാം ജനങ്ങൾക്ക് സ്വാഭാവികമായും ഉണർവുണ്ടാകുന്നതായാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. പ്ലാച്ചിമടയിലും അതുണ്ടായിട്ടുണ്ട്. എന്നാൽ പ്ലാച്ചിമട ജനതയ്ക്കുണ്ടായ ഉണർവിനെ വേണ്ടവിധം നിലനിർത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങളൊന്നും സമരസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. സമരത്തെ പിന്തുണയ്ക്കുന്നവർക്കും അതിന് കഴിഞ്ഞിട്ടില്ല. ഐക്യദാർഢ്യ സമിതിക്കുള്ളിൽ തന്നെ ജനങ്ങളുടെ ശാക്തീകരണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുള്ളവരാണ് ഉള്ളത്. ചിലർ സാമ്രാജ്യത്വ വിരുദ്ധ സമരമായാണ് പ്ലാച്ചിമട സമരത്തെ കാണുന്നത്, മറ്റുചിലർ വിഭവാധികാരത്തിന്റെ പ്രശ്നമാണ് മുഖ്യമെന്ന് കരുതുന്നു. ചിലർക്ക് മതപരമായ ധാർമ്മിക ബോധമാണ് സമരത്തിൽ പങ്കുചേരാനുള്ള കരുത്ത് നൽകുന്നത്. ഇത്തരത്തിൽ സമരത്തെ പിന്തുണച്ചവരെല്ലാം പല വീക്ഷണകോണുകളിൽ നിന്നുകൊണ്ടാണ് തങ്ങളുടെ പിന്തുണ സമരത്തിന് നൽകുന്നത്. അതുകൊണ്ടുതന്നെ പ്ലാച്ചിമടയിലെ ജനങ്ങളുടെ ശാക്തീകരണം എന്നത് സമരത്തിന്റെ കേന്ദ്രബിന്ദുവായി മാറിയില്ല. മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്ക് അതിനോട് താത്പര്യവുമില്ല. ജനങ്ങൾ വിജിലന്റായിരിക്കുന്നതിനെ അവർ ഭയപ്പെടുന്നു.

**5.** തദ്ദേശീയ ജനതയുടെ സമരം, പുറമെ നിന്നുള്ളവരുടെ പിന്തുണ എന്നെല്ലാം പറ

ഞ്ഞുകൊണ്ട് ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ പ്ലാച്ചിമട സമരത്തിന് കൽപ്പിക്കേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഫാക്ടറിയുണ്ടാക്കിയ ക്ഷതങ്ങൾ തദ്ദേശീയരെയാണ് കൂടുതൽ ബാധിച്ചതെന്ന് മാത്രം. പ്ലാച്ചിമട സമരം കേരളത്തിൽ എവിടെയും നടത്തേണ്ട സമരമാണ്. പ്ലാച്ചിമട ജനതയുടെ സമരത്തിൽ ഉറച്ചുനിൽക്കുന്ന മനോഭാവം തന്നെയാണ് പുറത്ത് നിന്നുള്ള പിന്തുണകളെ പ്ലാച്ചിമടയിലേക്ക് എത്തിച്ചത് എന്നത് വാസ്തവമാണ്. അവർ സമരത്തിൽ ഉറച്ചുനിന്നില്ലായിരുന്നെങ്കിൽ പുറത്ത് നിന്നുള്ളവർക്ക് സമരം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. പുറമെ നിന്നുള്ളവർ മാത്രമാണ് സമരം ചെയ്യുന്ന

പ്ലാച്ചിമട സമരം മുന്നോട്ട് വച്ച പല മുദ്രാവാക്യങ്ങളും പ്ലാച്ചിമട സമരത്തിലൂടെ മാത്രം നേടിയെടുക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഉദാഹരണത്തിന് വിഭവാധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യം. അത് യാഥാർത്ഥ്യമാകണമെങ്കിൽ അതിന് വേണ്ടി പ്രത്യേകം സമരം ചെയ്യണമെന്നതാണ് നിലവിലുള്ള സാഹചര്യം

തെങ്കിൽ അത് പ്ലാച്ചിമട സമരമല്ല, കേവലം കൊക്കക്കോള വിരുദ്ധ സമരം മാത്രമേ ആകൂ.

**6.** സ്വാഭാവികമാണ് ആ അനിശ്ചിതത്വം. പ്ലാച്ചിമടയിലെ ഐക്യദാർഢ്യ സമിതി പ്രവർത്തകർക്ക് കേവലം കൊക്കക്കോള വിരുദ്ധ സമരം മാത്രമായി പൊതുപ്രവർത്തനത്തെ ചുരുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കേരളത്തിലെ മറ്റ് പല ജനകീയ സമരങ്ങളിലും അതേ ഐക്യദാർഢ്യ പ്രവർത്തകർ തന്നെ പങ്കാളികളാകുന്നുണ്ട്. അങ്ങനെ പങ്കാളികളാകാൻ കഴിയാത്ത സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതുപോലെ പ്ലാച്ചിമട സമരം മുന്നോട്ട് വച്ച പല മുദ്രാവാക്യങ്ങളും പ്ലാച്ചിമട സമരത്തിലൂടെ മാത്രം നേടിയെടുക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഉദാഹരണത്തിന് വിഭവാധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യം. അത് യാഥാർത്ഥ്യമാകണമെങ്കിൽ അതിന് വേണ്ടി പ്രത്യേകം സമരം ചെയ്യണമെന്നതാണ് നിലവിലുള്ള സാഹചര്യം. നീണ്ടുനിൽക്കുന്ന സമരങ്ങൾ അതിന് മാത്രമായി വേണ്ടിവരും.

**7.** ഉണർന്നുനിൽക്കുന്ന ജനാഭിപ്രായത്തോട് ആഭിമുഖ്യം പുലർത്തുന്ന രാഷ്ട്രീയ പാർട്ടികളാണ് കേരളത്തിലുള്ളത്. ജനാഭിപ്രായം ഉണർന്നുനിന്നാൽ മാത്രമെ ജനകീയ വിഷയങ്ങളിൽ അവർ പ്രതികരിക്കുകയുള്ളൂ. സ്ഥായിയായ ഒരു രാഷ്ട്രീയ നിലപാട് അവർക്ക് ജനകീയ പ്രശ്നങ്ങളിലില്ല. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനോടുള്ള സമീപനത്തിലും അതാണ് കാണുന്നത്. പ്ലാച്ചിമട സമരത്തിന് അനുകൂലമായ ജനാഭിപ്രായമുള്ളതിനാൽ അവർ നിയമം പാസാക്കി. പക്ഷെ ട്രിബ്യൂണൽ യാഥാർത്ഥ്യമാകണമെന്ന് അവർക്കില്ല. ഒരു രാഷ്ട്രീയ നിലപാടായി വരേണ്ട കാര്യമാണത്. നിലവിൽ അത്തരം നിലപാടില്ലാത്തതിനാൽ ജനാഭിപ്രായം രാഷ്ട്രീയ പാർട്ടികൾക്കെതിരെ ഉയർന്നുവരുന്നത് മാത്രമാണ് ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നതിനുള്ള വഴി.

**8.** കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസാണ് ഭരിക്കുന്നത്. ഭരണകക്ഷി എന്ന നിലയിൽ അവരാണ് ബില്ലിന്റെ കാര്യത്തിൽ ഇനി തീരുമാനമെടുക്കേണ്ടത്. ആൾക്കൂട്ട രാഷ്ട്രീയ കക്ഷിയെന്ന നിലയിൽ വിരുദ്ധാഭിപ്രായമുള്ളവർ കോൺഗ്രസിലുണ്ട്. ജനങ്ങൾക്കൊപ്പം നിൽക്കുന്നവരും കോർപ്പറേറ്റുകൾക്കൊപ്പം നിൽക്കുന്നവരും പാർട്ടിയിലുണ്ട്. കോർപ്പറേറ്റുകൾക്കൊപ്പം നിൽക്കുന്നവരാണ് ശക്തർ എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. ജനങ്ങൾക്കൊപ്പം നിൽക്കുന്ന നേതാക്കളെ സമ്മർദ്ദത്തിലാഴ്ത്തിക്കൊണ്ട് കോർപ്പറേറ്റുകൾക്ക് അനുകൂലമായി നിൽക്കുന്നവരെ മറികടക്കാനുള്ള സമരതന്ത്രങ്ങൾ നമ്മൾ മെനയേണ്ടതുണ്ട്. വരുന്ന ലോകസഭാ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് അത്തരം ക്യാമ്പയിനുകൾ ആരംഭിക്കണം. ജനകീയ സമരത്തിന്റെ മാതാവായി അറിയപ്പെടുന്ന പ്ലാച്ചിമട സമരത്തിനെ ആ രീതിയിൽ തന്നെ അവതരിപ്പിച്ചുകൊണ്ട് ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കണം. പ്ലാച്ചിമട സമരം വിജയിക്കേണ്ടത് മറ്റ് ജനകീയ സമരങ്ങളുടെ കൂടി ആവശ്യമാണ്.

**9.** തുടരുന്ന സമരത്തിന്റെ ഇടയ്ക്ക് വച്ച് പോയകാലങ്ങളെ വിലയിരുത്തുന്നത് ശരിയല്ല. സമരപ്രവർത്തകർക്കുള്ളിൽ നടക്കേണ്ട പ്രവർത്തനമാണത്. പൊതുവായ ആലോചനകൾക്കായി ചില കാര്യങ്ങൾ പറയാം. സമരത്തെ പല ശൈലികളിൽ, പല സമീപനങ്ങളിൽ കാണുന്നവരാണ് പ്ലാച്ചിമട ഐക്യദാർഢ്യ സമിതിയിലുള്ളവർ. അവരവരുടേതായ സമീപനങ്ങളിൽ നിന്നുകൊണ്ടാണ്

എക്കാലത്തും അവർ സമരത്തെ പിന്തുണച്ചതും, ഇന്നും പിന്തുണയ്ക്കുന്നതും. അഹിംസാത്മക സമരം വേണമെന്നതിൽ ഉറച്ച് നിൽക്കുന്നവരുണ്ട്, കോള കമ്പനി ബോംബിട്ട് തകർക്കണമെന്ന് പറയുന്നവരുണ്ട്, സെക്രട്ടേറിയറ്റിന് മുന്നിലാണ് സമരം വേണ്ടതെന്ന് പറയുന്നവരുണ്ട്. അങ്ങനെ വിരുദ്ധാഭിപ്രായങ്ങളുള്ളവരെ കോർത്തിണക്കിക്കൊണ്ട്, പൊതുലക്ഷ്യങ്ങൾക്ക് വേണ്ടി ജനാധിപത്യപരമായി മുന്നേറാൻ കഴിഞ്ഞു എന്നതാണ് പ്ലാച്ചിമട സമരത്തിന്റെ വലിയ നേട്ടം. അത്തരമൊരു ജനാധിപത്യ പരിസരത്തിൽ ശാഠ്യങ്ങൾക്ക് സ്ഥാനമില്ല. കൂട്ടായ തീരുമാനങ്ങൾക്ക് തന്നെയാണ് പ്രസക്തി. ശാഠ്യങ്ങൾ ഐക്യത്തെ നഷ്ടപ്പെടുത്തും. അത്തരം കാര്യങ്ങളിൽ പ്ലാച്ചിമട സമരം തുടർന്നും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. സമരത്തിന്റെ തീവ്രത എന്താണ് എന്നതിലല്ല കാര്യം. സമരത്തിന് ജനാഭിപ്രായം രൂപീകരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് മുഖ്യം.

**10.** വിഭവങ്ങൾക്ക് മേലുള്ള ജനങ്ങളുടെ അധികാരം എന്ന മുദ്രാവാക്യം ശ്രദ്ധേയമായ രീതിയിൽ ഉയർന്നുവന്നത് പ്ലാച്ചിമടയിൽ നിന്നാണ്. ഇന്ത്യയിലെമ്പാടുമുള്ള പല സമരമുഖങ്ങളിൽ നിന്നും ഇപ്പോൾ ആ മുദ്രാവാക്യം ഉയർന്നുവരുന്നുണ്ട്. വിഭവാധികാര രാഷ്ട്രീയത്തിന്റെ അനിവാര്യമായ വികാസത്തെയാണ് അത് സൂചിപ്പിക്കുന്നത്. നിലവിലുള്ള അധികാരവികേന്ദ്രീകരണ നിയമങ്ങളിൽ മാറ്റങ്ങളൊന്നും കൊണ്ടുവരാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞില്ലെങ്കിലും ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. അധികാരം ജനങ്ങളിലേക്ക് എത്തിയാൽ മാത്രം പോരാ. അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ജനതയും അടിസ്ഥാന തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. അതില്ലാതെ ജനങ്ങളിലേക്ക് അധികാരമെത്തിയിട്ട് കാര്യമില്ല. അത്തരം ഘടനാപരമായ മാറ്റത്തെ ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ ജനകീയ സമരങ്ങൾക്ക് ജനങ്ങളെ ശക്തിപ്പെടുത്താൻ കഴിയണം. ■

# രാഷ്ട്രീയ പാർട്ടികളുടെ കാപട്യങ്ങളെ തുറന്നു കാണിക്കണം

**വിജയരാഘവൻ ചേലിയ**

(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** കൊക്കകോളയ്ക്കു നമ്മുടെ ഭരണഘടനാപരമായ അവകാശങ്ങളേയും നിയമവ്യവസ്ഥയേയും മറികടക്കാൻ കഴിയുന്നുവെന്നത് ശരിയാണ്. എന്നാൽ അത് കോളകമ്പനിയുടെ ശക്തികൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. ഏതൊരു മൂലധനശക്തിക്കും ഇന്ത്യയിൽ എവിടെയും ഇതു സാധ്യമാണ്. ഇതിനു കാരണം നമ്മുടെ രാഷ്ട്രീയ നിലപാടുകളാണ്. പലരും വിലപിക്കുന്നതുപോലെ ഇത് 1990കളിൽ തുടങ്ങിയ ഒരു പ്രവണതയല്ല. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ വികസന സങ്കൽപ്പങ്ങളുമായി ബന്ധപ്പെട്ടതാണ്. 1977 ന് മുമ്പ് കൊക്കക്കോള ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നതും, അടിയന്തിരാവസ്ഥയെ തുടർന്നുണ്ടായ രാഷ്ട്രീയ ഉണർവിന്റെ ഫലമായി കമ്പനിയെ കെട്ടുകെട്ടിച്ചതും ചരിത്രം. 2000ത്തിൽ കേരളത്തിലേക്ക് കോളക്കമ്പനിയെ ക്ഷണിച്ചുകൊണ്ടുവന്നത് ഇ.കെ. നായനാരും സുശീലാ ഗോപാലനുമായിരുന്നു. കേരളത്തിന്റെ വിപണിയിൽ ശീതളപാനീയ ദൗർലഭ്യമുണ്ടായിരുന്നതുകൊണ്ടല്ല കോളയെ ക്ഷണിച്ചത്. നമുക്ക് ഇളനീരും സംഭാരവും സർബത്തും നാടൻ സോഡയും പഴച്ചാറുകളുമെല്ലാം അന്നും ഉണ്ട്. വിദേശ മൂലധനം കൊണ്ടേ നാടുനന്നാവൂ എന്ന് വലതുപക്ഷത്തെപ്പോലെ ഇടതുപക്ഷവും കരുതുന്നു. അന്ന് ആ തീരുമാനത്തിനെതിരെ ലോഹ്യവിചാരവേദി നടത്തിയ സമരത്തിൽ ഞാനും പങ്കെടുത്തിട്ടുണ്ട്. ഇടതുവലതു യുവജന സംഘടനകളടക്കം അന്ന് നിശ്ശബ്ദമായി മൂലധന ശക്തികളെ വരവേറ്റു. വേറിട്ട ഒരു വികസന കാഴ്ചപ്പാട് അവർക്ക് ഉണ്ടായിരുന്നില്ല. ഇന്നും പ്ലാച്ചിമട സമരത്തിൽ കേരളത്തിലെ രു രാഷ്ട്രീയ പാർട്ടിയും പ്രത്യക്ഷത്തിൽ പങ്കെടുക്കാതിരിക്കുന്നതും അതിനാലാണ്. മുഖ്യരാഷ്ട്രീയ പാർട്ടികളായ സി.പി.എമ്മിന്റേയും കോൺഗ്രസ്സിന്റേയും സംസ്ഥാന ഭാരവാഹികൾ ഇതുവരെ പ്ലാച്ചിമടയിൽ വന്നില്ലല്ലോ. പാർലമെന്ററി നേതാക്കൾ വരുമായിരിക്കും. അത് കേവലം വോട്ടിനായാണ്. ജനരോഷമുയർന്നപ്പോൾ ഒന്നു തണുപ്പിക്കാൻ എല്ലാ പാർ